# Official Spokesperson's response to media queries on the change in format of Raisina Dialogue 2021

April 05, 2021

---

## 2021 റൈസിന ഡയലോഗ് ഫോർമാറ്റിൽ വന്ന മാറ്റങ്ങളെക്കുറിച്ചുള്ള മാധ്യമ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ മറുപടി

ഏപ്രിൽ 05, 2021

**2021 റൈസിന ഡയലോഗ് ഫോർമാറ്റിൽ വന്ന മാറ്റങ്ങളെക്കുറിച്ചുള്ള മാധ്യമ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ ഇപ്രകാരം പ്രതികരിച്ചു:**

"റെയ്സീന ഡയലോഗ് 2021 ന്റെ സംഘാടകർ ഈ വർഷത്തെ സംരംഭം പൂർണ്ണമായും ഡിജിറ്റൽ ഇവന്റായി ആതിഥേയത്വം വഹിക്കാൻ തീരുമാനിച്ചിരിക്കുന്നു, നേരത്തെ ഇത് ആസൂത്രണം ചെയ്ത രണ്ടു തരത്തിലും പെട്ട രീതിയിൽ ഓൺലൈൻ ആയും വ്യക്തിഗത പ്രഭാഷകർ , പ്രതിനിധികൾ എന്നിവരിലൂടെ വിഭാവനം ചെയ്തിരുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കോവിഡ് -19 സാഹചര്യം കണക്കിലെടുത്ത് പൂർണ്ണമായും ഡിജിറ്റൽ പതിപ്പിലേക്ക് മാറാനുള്ള ഈ തീരുമാനം വലിയ ജാഗ്രതയോടെയാണ് എടുത്തിരിക്കുന്നത്. ഈ സംരംഭവുമായി ബന്ധപ്പെട്ട എല്ലാവരുടെയും സുരക്ഷയെക്കുറിച്ച് സംഘാടകർക്ക് ഉള്ള ശക്തമായ ഉത്തരവാദിത്തബോധത്തെ ഇത് അടിവരയിടുന്നു.

സമ്പൂർണ്ണ ഡിജിറ്റൽ ഇവന്റ്, കോവിഡ് -19 nte അനുബന്ധ അപകടസാധ്യതകൾ ഒഴിവാക്കുന്നതിനൊപ്പം ആഗോള സമൂഹത്തെ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രാധാന്യമർഹിക്കുന്ന പ്രശ്നങ്ങളിൽ ഏർപ്പെടാനും ചർച്ചചെയ്യാനും പങ്കാളികൾക്ക് അവസരം നൽകുന്നതിന് സാങ്കേതികവിദ്യ ഉൾപ്പെടുത്തുകയും ചെയ്യുന്നതാണ്.

ഫോർമാറ്റിലെ മാറ്റത്തിന്റെ സ്വാധീനം ഞങ്ങളുടെ നയതന്ത്ര ഇടപെടലുകളിൽ ഉചിതമായി പ്രതിഫലിക്കുന്നതാണ്. ”

ന്യൂ ഡൽഹി
05 ഏപ്രിൽ, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.